**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ:7462      14.07.2014-ൽ മറുപടിയ്ക്ക്

## സ്റ്റേഷനറി വകുപ്പിന്റെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. എം.പി.വിൻസെന്റ് | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സ്റ്റേഷനറി വകുപ്പിന്റെ നവീകരണത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ സർക്കാരിന്റെ കാലത്ത് ആസൂത്രണം ചെയ്യുതെന്ന് വിശദമാക്കുമോ ;<br><br>(ബി) എന്തെല്ലാം ആധുനികസാങ്കേതിക വിദ്യ കളാണ് ഇതിനായി പ്രയോജന പ്പെടുത്തിയത്; വിശദാംശങ്ങൾ എന്തെല്ലാം; | (എ& ബി) സ്റ്റേഷനറി വകുപ്പിന്റെ നിലവിലിരുന്ന വെബ്സൈറ്റ് റീ ഡിസൈൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്റ്റേഷനറികളുടെ സംഭരണവും വിതരണവും ഏകോപിപ്പിക്കുന്നതിനും കൂടുതൽ സുതാര്യവും കാര്യക്ഷമവുമായി നിർവഹിക്കുന്നതിനുമായി കെൽട്രോണിന്റെ സഹായത്തോടെ ഇ- മിസ്റ്റ് എന്ന (Electronic Management Information System) പേരിൽ ഒരു ഇൻവെന്ററി കൺട്രോൾ ആപ്ളിക്കേഷൻ രൂപകല്പന ചെയ്തിട്ടുണ്ട്. സ്റ്റേഷനറി വകുപ്പിന്റെ വിവിധ അക്കൗണ്ടിംഗുകളും ഓൺലൈൻ ഇൻഡന്റിംഗ് സമ്പ്രദായവും ഈ സോഫ്റ്റ് വെയർ ഉപയോഗിച്ച് കാര്യക്ഷമമാക്കുവാൻ കഴിയും. ഇത് ഇപ്പോൾ ട്രയൽ റൺ സ്റ്റേജിലാണ് ഉള്ളത്. ഇൻവെന്ററി കൺട്രോൾ സിസ്റ്റം പ്രയോഗത്തിൽ വരുത്തുന്നതിനായി ജീവനക്കാർക്ക് വിവിധ ഘട്ടങ്ങളിലായി കെൽട്രോൺ വഴി പരിശീലനവും നൽകിവരുന്നുണ്ട്. ഇ-മിസ്റ്റ് പൂർണ്ണമായും പ്രവർത്തനക്ഷമമാകുന്നതോടെ സ്റ്റേഷനറി വകുപ്പിന്റെ സേവനങ്ങൾ പൂർണ്ണമായും യൂസർ ആക്സസബിൾ ആകുന്നതാണ്. 25 ലക്ഷത്തിന് മുകളിലുള്ള എല്ലാ ടെൻഡർ നടപടികളിലും 2013 ഒക്ടോബർ മുതൽ ഇ-ടെണ്ടറിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി നോഡൽ ഓഫീസറെ നിയമിക്കുകയും Tender inviting and opening authority-കൾക്ക് NIC-Kerala -യിൽ നിന്ന് Digital Signature Certificate ലഭ്യമാക്കുകയും , കേരള സ്റ്റേറ്റ് ഐ.റ്റി മിഷന്റെ സഹായത്തോടെ ഓൺലൈൻ പേ-മെന്റിനായി ട്രഷറി അക്കൗണ്ട് മാപ്പിംഗ് |

നടത്തുകയും ചെയ്തിട്ടുണ്ട്. വിവരസാങ്കേതികവിദ്യയുടെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്ന രീതിയിൽ ദർഘാസ് പരസ്യങ്ങൾ സർക്കാരിന്റെ ഇ-ടെൻഡർ പോർട്ടലിലും സ്റ്റേഷനറി വകുപ്പിന്റെ വെബ്സൈറ്റിലും പ്രദർശിപ്പിക്കുന്നതും കൂടാതെ ദർഘാസുകാർക്ക് ഇ-മെയിൽ അയച്ചുകൊടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പേപ്പർ ടെസ്റ്റിംഗ് ലാബിന്റെ നവീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ :

സി) സ്റ്റേഷനറി മുഖ്യകാര്യാലയത്തിലെ പേപ്പർ ടെസ്റ്റിംഗ് ലാബ് നവീകരണത്തിന്റെ ഭാഗമായി 2012,2013 എന്നീ വർഷങ്ങളിലായി Tear Tester, PH meter, Folding Endurance Tester എന്നിവ സ്ഥാപിക്കുകയുണ്ടായി. പേപ്പറിന്റെ Brightness ടെസ്റ്റ് ചെയ്യുന്നതിനുള്ള Brightness Tester, ജലം/ കെമിക്കൽ ആഗിരണം ചെയ്യുന്നതിനുള്ള കഴിവ് അളക്കുന്ന Cobb Tester, പേപ്പറിന്റെ ഭാരം കണക്കാക്കുന്ന GSM Tester, പേപ്പറിന്റെ ഉപരിതലബലം അളക്കുന്നതിനുള്ള Wax Pick Tester, പേപ്പറിന്റെ ( റീൽ) വലിവുബലം (Tensile Strength) അളക്കുന്നതിനുള്ള Tensile Index Tester തുടങ്ങി ഗുണമേന്മ വിലയിരുത്തുന്നതിന് സുപ്രധാനങ്ങളായ ഘടകങ്ങൾ ടെസ്റ്റ് ചെയ്ത് അറിയുന്നതിന് വേണ്ടുന്ന ഉപകരണങ്ങൾ പേപ്പർ ടെസ്റ്റിംഗ് ലാബിൽ ഉപയോഗിച്ച് വരുന്നു. കൂടാതെ Binding Stiffness Tester സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

(ഡി) നവീകരണത്തിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

(ഡി) സ്റ്റേഷനറി വകുപ്പ് നവീകരിക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് മേഖലാഓഫീസിന് പുതിയ ഓഫീസ് കെട്ടിടവും സ്റ്റോറും നിർമ്മിച്ചുവരുന്നു. വയനാട് ജില്ലാ സ്റ്റേഷനറി ഓഫീസിന് പുതിയ കെട്ടിടവും സ്റ്റോറും നിർമ്മിക്കുന്നതിനും ആലപ്പുഴ ജില്ലാസ്റ്റേഷനറി ഓഫീസിനായി ആലപ്പുഴ കളക്ടേറ്റിൽ സ്ഥലം അനുവദിപ്പിക്കുന്നതിനും, ഓഫീസും സ്റ്റോറും മാറ്റി സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ